# അമേരിക്കൻ മലയാള നിരൂപണ സാഹിത്യം –ഒരു അവലോകനം

(ഒക്ടോബർ 6,7,8 2017 തിയ്യതികളിൽ ന്യൂയോർക്കിൽ വച്ച്നടന്ന ലാനയുടെ ഇരുപതാം വാർഷികവേളയിൽ അവതരിപ്പിച്ചത്)



**ഡോക്ടർ നന്ദകുമാർ ചാണയിൽ**

ഒരു കലാപരിപാടിയോ, നാടകമോ, സിനിമയോ കണ്ടുകൊണ്ടിരിക്കുമ്പോൾ അടുത്തിരിക്കുന്ന ആളിനോട് അഭിപ്രായം പറയുന്നത് സ്വാഭാവികമാണ്. അതേപോലെ തന്നെയാണ് ഒരു സദ്യ കഴിഞ്ഞാൽ വിഭവങ്ങളെക്കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങളും. വായിച്ചുകഴിഞ്ഞ ഒരു പുസ്തകത്തെക്കുറിച്ചും നാം അഭിപ്രായങ്ങൾ പങ്കുവയ്ക്കാറുണ്ടു. അങ്ങനെ സാഹിത്യലോകത്തേക്ക് കടക്കുമ്പോൾ ഒരു ക്രുതിയെക്കുറിച്ച് ഗഹനമായ ഗുണദോഷവിചാരവും നിഗൂഢമായ അന്തർധാര പുറത്തുകൊണ്ടുവരികയും ചെയ്യുമ്പോൾ അതൊരു വേറിട്ട തലം പ്രാപിക്കുന്നു. ഈ അഭിപ്രായാവിഷ്കാരത്തിൽ സാഹിത്യപരമായ മൂല്യനിർണ്ണയശേഷി, ഭാഷാപ്രാവീണ്യം, ഇതര ക്രുതികളുമായുള്ള താരതമ്യ പഠനം, നിഷ്പ്പക്ഷമായ സംവേദനക്ഷമത എന്നീ ചേരുവകൾ ഒത്തുചേരുമ്പോൾ അതൊരു നിരൂപണമായി രൂപാന്തരം പ്രാപിക്കുന്നു.

അമേരിക്കൻ മലയാള സാഹിത്യരംഗത്ത് നിരൂപണശാഖ അവികസിതമാണെന്ന പരാതി നിലവിലുണ്ട്. വായനക്കാരില്ലാത്ത സമൂഹത്തിൽ നിരൂപണത്തിനു എന്തു പ്രസക്തി? നിരൂപണം എങ്ങനെ വളരും? ചിന്തനീയം തന്നെ. അതേപോലെതന്നെയാണ് വായനക്കാരെക്കാൾ കൂടുതൽ എഴുത്തുകാരാണു ഇവിടെ ഉള്ളതെന്ന പരാമർശങ്ങളും. ഇവിടുത്തെ എഴുത്തുകാരുടെ ക്രുതികൾ വായിക്കാൻ തരപ്പെടാത്തവരുണ്ടോ നിരൂപണങ്ങൾ വായിക്കാൻ പോകുന്നു! ക്രുതിയുടെ രചയിതാക്കൾ പോലും അവരുടെ ക്രുതികളെക്കുറിച്ചെഴുതിയിട്ടുള്ള നിരൂപണം വായിക്കാറില്ലെന്ന നഗ്നസത്യം മണിക്കൂറുകൾ മിനക്കെട്ട് എഴുതുന്നവർക്ക് മനോക്ലേശവും മ്ലാനതയും ഉളവാക്കുന്നു. തന്നെയുമല്ല പ്രസ്തുത ഗ്രന്ഥകർത്താക്കൾ പോലും നിരൂപണത്തിലെ നന്മകളും ന്യൂനതകളും നിരൂപകനെ അറിയിക്കാനോ ഒരു നന്ദി പോലും പ്രകാശിപ്പിക്കാനോ മിനക്കെടാറില്ലെന്നതും ഒരു ദുഃഖ സത്യമാണ്. അമേരിക്കൻ മലയാള സാഹിത്യകാരന്മാരോടും അവരുടെ ക്രുതികളോടും ചില കോണുകളിൽ നിന്നുമുള്ള പുച്ഛരമനോഭാവവും, അവഗണനയും, മുൻവിധിയോടെയുള്ള സമീപനവും, രചനകൾ വായിക്കപോലും ചെയ്യാതെ നടത്തുന്ന അഭിപ്രായങ്ങളും ഇവിടത്തെ എഴുത്തുകാരുടെ വളർച്ച മുരടിപ്പിക്കാനേയുതകൂ.

ഈ കുടിയേറ്റഭൂമിയിൽ മലയാളികൾ വേരുറപ്പിക്കാനാരംഭിച്ചതോടെ മലയാള ഭാഷാ സാഹിത്യപ്രവർത്തനങ്ങളും തുടങ്ങി. ഇവിടത്തെ ആദ്യകാല മലയാള പ്രസിദ്ധീകരണങ്ങൾ ഒരു പറ്റം എഴുത്തുകാരെ വളർത്തിക്കൊണ്ടുവരുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ടെന്നു കാണാം.

അമേരിക്കൻ മലയാളസാഹിത്യ നിരൂപണത്തിന്റെ ഹരിശ്രീ കുറിച്ചത് ശ്രീ. സുധീർ പണിക്കവീട്ടിലാണ്. ഇവിടത്തെ മുഖ്യ എഴുത്തുകാരുടെ ക്രുതികളെക്കുറിച്ച് "കൈരളി"യുടെ താളുകളിലൂടെ ആ സേവനം തുടങ്ങി വച്ചത് ഇന്നും തുടർന്നുപോരുന്നു. "ഇ-മലയാളി" തുടങ്ങിയ ഓൺലൈൻ മലയാള മാധ്യമങ്ങളുടെ ആവിർഭാവത്തോടെ അദ്ദേഹത്തിന്റെ കർമ്മമണ്ഡലം കുറച്ചുകൂടി വിസ്ത്രുതമായി. കൂടാതെ, അമേരിക്കൻ മലയാള സാഹിത്യചരിത്രം സംഗ്രഹിച്ചും ഇവിടത്തെ പ്രമുഖ എഴുത്തുകാരുടെ രചനകളെക്കുറിച്ച് പഠനം നടത്തിയും ഒരു നിരൂപണഗ്രന്ഥം ("പയേറിയയിലെ പനിനീർപ്പൂക്കൾ") അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടു. അതു നമുക്കുള്ള ഒരു മുതൽക്കൂട്ടാണ്. ഇതേത്തുടർന്ന്, ശ്രീ.വാസുദേവ് പുളിക്കലും "കൈരളിയുടെ" താളുകളിലൂടെത്തന്നെ "മുഖാമുഖം" എന്ന ഒരു പരമ്പരയിലൂടെ നിരൂപണം എഴുതിത്തുടങ്ങി. അദ്ദേഹവും "ഇ-മലയാളിയിലൂടെ" നിരൂപണ സേവനം തുടരുന്നു. ഈ മേഖലയിലെ മറ്റൊരു വ്യക്തി, ഡോക്ടർ എൻ. പി. ഷീലയാണു. അവരും ഈ ശാഖയെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. ന്യൂയോർക്കിലെ "സർഗ്ഗവേദി"

“വിചാരവേദി” എന്നീ സാഹിത്യക്കൂട്ടായ്മകളിൽ തുടർച്ചയായി ചർച്ചക്ക് വരുന്ന അതാതു ക്രുതികൾ സശ്രദ്ധം പഠിച്ച് “ ഈ മലയാളിയിലും” ഇതര പ്രസിദ്ധീകരണങ്ങളിലും അവതരിപ്പിക്കുന്നതിനു പുറമേ, ചില ഗ്രന്ഥകർത്താക്കൾ സ്നേഹപൂർവ്വം സമ്മാനിക്കുന്നതും, സ്വയം വാങ്ങുന്നതുമായ ക്രുതികളെക്കുറിച്ചും അണ്ണാറക്കണ്ണനും തന്നാലായത് എന്ന പോൽ, ഈ ലേഖകനും എഴുതി വരുന്നു. തൻേറതായ ഒരു ശൈലിയിലൂടെ നിരൂപണത്തിൽ നർമ്മം കലർത്തുന്ന രീതി ചൂണ്ടിക്കാണിച്ച്കൊണ്ട് ചിലരെങ്കിലും അഭിനന്ദിച്ചിട്ടുണ്ടു. തൻെറ സാഹിത്യാഭിരുചി, ക്രുതികളെ അപഗ്രഥനം ചെയ്യുന്നതിനും നിരൂപണവീക്ഷണത്തോടെ സമീപിക്കാനുമുള്ള താൽപ്പര്യം പ്രകടമാക്കുന്നു.

മുൻ പ്രസ്താവിച്ച എഴുത്തുകാരെക്കുറിച്ച് എടുത്തുപറയാൻ കാരണം, ഇക്കൂട്ടർ ഈ കർമ്മം നിരന്തരമായി ചെയ്തുകൊണ്ടിരിക്കുന്നതിനാലാണ്. എന്നാൽ ഒറ്റക്കും തറ്റക്കുമായി നിരവധി എഴുത്തുകാർ –ഡോക്ടർമാർ എം.എസ്.ടി.നമ്പൂതിരി, തോമസ് പാലക്കൽ ശ്രീ. നമ്പിമഠം, ശ്രീ മണ്ണിക്കരോട്ട്, ശ്രീമതിമാർ, എത്സി യോഹന്നാൻ ശങ്കരത്തിൽ, സരോജ വർഗ്ഗീസ്, എന്നിവരും പുസ്തകപരിചയങ്ങളിലൂടെ ഈ രംഗത്തുണ്ട്. രണ്ടായിരത്തിപതിനഞ്ചിലെ ലാനേയത്തിൽ “വിമർശന വഴികൾ അമേരിക്കൻ മലയാള സാഹിത്യത്തിൽ” എന്ന ഒരു ലേഖനം ശ്രീമതി സരോജ വർഗീസ്സ് എഴുതിയിട്ടുണ്ടു.

ആസ്വാദനം നിരൂപണത്തിൽ ഉണ്ടാകുക അസ്വാഭാവികമല്ല. എന്നാൽ സംവേദനക്ഷമത അത്യന്താപേക്ഷിതമാണ്. ഒരു കലാകാരൻെറ ധിഷണതയും കരവിരുതും ഒരു ശിൽപ്പത്തിൻെറ സൗന്ദര്യാവിഷ്കാരത്തിനുതകുന്നപോലെ തന്നെയാണ്, ഒരു ക്രുതിയുടെ ചാരുതയും മൂല്യവും പ്രകടമാക്കുന്ന നിരൂപണവും. മൂല്യനിർണ്ണയത്തിൽ അവശ്യം ആവശ്യമായ ഘടകം നിരൂപകൻെറ വിജ്ഞാനമണ്ഡലവിസ്സ്രുതിയും ജീവിതാനുഭവ നിരീക്ഷണപാടവവുമാണ്. ആഖ്യാനത്തെക്കുറിച്ചുള്ള നിരൂപകൻെറ വ്യാഖ്യാനവും പ്രമേയങ്ങളിലെ ദുരൂഹതാനാവരണവും വായനാനുഭവം ഹ്രുദ്യമാക്കാൻ ഉപകരിക്കും; അങ്ങനെ വായനാവലയം വിസ്സ്രുതമാകും.

മുഖ്യധാരയിലെ നിരൂപണസമ്രാട്ടുകളായ കേസരി ബാലക്രുഷണപിള്ള, കുട്ടിക്രുഷ്ണമാരാർ, പ്രൊ ജോസഫ് മുണ്ടശ്ശേരി, ഡോക്ടർ സുകുമാർ അഴീക്കോട് എന്നിവർക്കും പിഴവുകൾ പറ്റിയിട്ടില്ലേ? അഭിപ്രായങ്ങൾ മാറ്റി പറയേണ്ടിവന്നിട്ടില്ലേ? അല്ലെങ്കിലും അഭിപ്രായം ഒരു ഇരുമ്പുലക്കയല്ലല്ലോ? ഇവിടത്തെ നിരൂപകന്മാർക്കും പാളിച്ചകൾ ഉണ്ടായേക്കാം, പിച്ചവെയ്പ്പിൽ നിന്നാരംഭിച്ചിട്ടല്ലേ കുട്ടികൾ ഓടാൻ പഠിക്കുന്നതും.

ചില മാധ്യമങ്ങളിലെ തത്ത്വദീക്ഷ ഇല്ലായ്മയും, ആദർശവിഹീനതയും ക്രുതിയുടെ മേന്മ അവഗണിച്ചുള്ള പക്ഷപാതപരമായ സമീപനം പുലർത്തലും ചെയ്യുന്നത് കൊണ്ട് പലപ്പോഴും നല്ല രചനകൾ വെളിച്ചം കാണാതെ പോകുന്നു. വ്യക്തിപൂജയും വ്യക്തിബന്ധങ്ങളും വെടിഞ്ഞ് ക്രുതികളെ നിഷ്പ്പക്ഷതയോടെ, മൂല്യാടിസ്ഥാനത്തിൽ കാണാനുള്ള വിവേകം മാധ്യമങ്ങൾ പ്രദർശിപ്പിച്ചാൽ നല്ല ക്രുതികളേയും നല്ല നിരൂപകന്മാരേയും പ്രോത്സാഹിപ്പിക്കാൻ സാധിക്കും. പ്രോത്സാഹനം, പ്രതിഫലം, പ്രതികരണം എന്നീ പ്രതിവിധികളിലൂടെ അമേരിക്കൻ മലയാളസാഹിത്യത്തിന്റെ ത്രിദോഷങ്ങളും പരിഹരിക്കപ്പെടാം. ചുരുക്കത്തിൽ അതൊരു വാജീകരണപ്രക്രിയയായി പരിഗണിക്കപ്പെട്ടേക്കാം.ഇവിടത്തെ ചില മാദ്ധ്യമങ്ങളും ദേശീയ സംഘടനകളും പ്രൗഢഗംഭീരമായി സാഹിത്യകാരന്മാർക്ക് രചനാമത്സരങ്ങളും പുരസ്കാരങ്ങളും കൊട്ടിഘോഷിക്കാറുണ്ടു. കൂടെ കാഷ് അവാർഡും നൽകുന്നതായിരിക്കുമെന്നെല്ലാം പ്രഖ്യാപിക്കുമെങ്കിലും എല്ലാം ഒരു ഫലകത്തിൽ ഒതുക്കും; ചിലപ്പോൾ അതുമുണ്ടാകില്ല. പ്രഖ്യാപിച്ച കാഷ് അവാർഡ് ഗോപി!!! എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം കബളിപ്പിക്കുകയോ? ഈ ലേഖകൻ തന്നെ മൂന്നിലധികം തവണ കബളിപ്പിക്കപ്പെട്ടതിനുള്ള തെളിവുകളുണ്ടു. പേരുകൾ വെളിപ്പെടുത്തുന്നത് അന്തസ്സല്ലല്ലോ. എല്ലാ മാധ്യമങ്ങളും അങ്ങനെയാണെന്ന വിവക്ഷയില്ലെന്നു പ്രത്യേകം സൂചിപ്പിക്കട്ടെ. ഇ-മലയാളിപോലെ ചില മാധ്യമങ്ങൾ ഇക്കാര്യത്തിൽ മാന്യത പുലർത്തുന്നതായി എടുത്ത് പറയേണ്ടതുണ്ട്.

മുഖ്യധാരയിലെ അമേരിക്കൻ മലയാളസാഹിത്യത്തോടുള്ള അവഗണനയും ഇവിടത്തെ എഴുത്തുക്കാർക്ക് അർഹിക്കുന്ന അംഗീകാരം കിട്ടാതിരിക്കുന്നതിനുള്ള വേറൊരു കാരണമാണ്. നാട്ടിൽ നിന്നും ആഥിതേയത്വം സ്വീകരിച്ച് വരുന്ന ബഹുമാന്യരായ ചില സാഹിത്യവിശാരദന്മാർ ഇവിടെവച്ച് ഇവിടത്തെ ക്രുതികളേയും എഴുത്തുകാരേയും പുകഴ്ത്തുകയും അവിടെ തിരിച്ചെത്തിയിട്ട് ഇകഴ്ത്തുകയും ചെയ്യുന്ന ഒരു പ്രവണത കണ്ടു വരുന്നുണ്ട്.

അമേരിക്കയിലെ മലയാളി ദേശീയ സംഘടനകളിൽ നിന്നും ഇവിടത്തെ മലയാള സാഹിത്യത്തിനു പ്രോത്സാഹനമായി ലഭിക്കുന്നത്, വെറും അധരപൂജയും കേവലം പ്രഹസനവുമായി പരിണമിക്കുന്നു. അവർക്കാകട്ടെ, രാഷ്ട്രീയക്കാരേയും സിനിമക്കാരേയും താലോലിക്കുന്നതിലാണു താൽപ്പര്യവും. ഈ അവസരത്തിലാണ് "ലാന" പോലുള്ള സാഹിതീസംഘടന, ഇവിടത്തെ സാഹിത്യകാരന്മാരോടുള്ള പ്രോത്സാഹന മനോഭാവവും പ്രവർത്തനമികവും തെളിയിക്കേണ്ടത്. വർഷം തോറും മലയാളഭാഷാപരിപോഷണത്തിനായി സമ്മേളനങ്ങളും ശിൽപ്പശാലകളും രചനാമത്സരങ്ങളും നടത്തുക, നാട്ടിലെ സാഹിത്യഅക്കാദമി പോലെ ഒരു കേന്ദ്രീക്രുത കൂട്ടായ്മ

“ലാന”യുടെ കുടക്കീഴിൽ രൂപീകരിച്ച് നല്ല ക്രുതികളെ കണ്ടെത്തി പ്രസിദ്ധീകരിക്കുക, എന്നിവയിലൂടെ സാഹിത്യോന്നമനയജ്ഞം സഫലീക്രുതമാക്കാൻ സാധിതമായേയ്ക്കും.

ഇവിടത്തെ ഒരു ഓൺലൈൻ പ്രസിദ്ധീകരണത്തിൽ ചില വായനക്കാരുടെ പ്രതികരണങ്ങൾ വരാറുണ്ട്; നല്ലത് തന്നെ. പക്ഷെ, സ്വന്തം പേരു പറയാതെ വ്യാജപ്പേരുകളിൽ മ്ലേഛമായ അഭിപ്രായപ്രകടനം നടത്തുന്നത് ഒരു നല്ല പ്രവണതയല്ല; അതു പ്രോത്സാഹിപ്പിക്കുന്നതോ മാധ്യമ പ്രവർത്തനത്തിനു ഭൂഷണവുമല്ല.

ഒരു രക്ഷകർത്താവിൻെറ ധാർമ്മിക ഉത്തരവാദിത്വമാണല്ലോ സന്തതികളുടെ അപഥസഞ്ചാരോദ്യമത്തെ തിരുത്തി നേർവഴി കാണിച്ചുകൊടുക്കുക എന്നത്. താലോലിച്ച്, ശീലം വഷളാക്കാതെ ശാസിക്കേണ്ടിടത്ത് ഔചിത്യപൂർവ്വം ശാസിക്കേണ്ടതും പ്രശംസിക്കേണ്ടിടത്ത് പ്രശംസിക്കുന്നതും മാതാപിതാക്കളുടെ കടമയാണ്. അതുപോലെതന്നെയാണു, ഒരു നിരൂപകൻേറതും. തലോടലും, താഡനവും, ഔചിത്യാനുസരണം പ്രയോഗിക്കേണ്ടതു ഒരു നിരൂപകൻെറ ദൗത്യമാണു. അങ്ങനെ നീതിമാനായ ഒരു ന്യായധിപനെപ്പോലെയായിരിക്കണം ഒരു നിരൂപകനും. അഴീക്കോടുമാഷിൻെറ ഭാഷയിൽ പറഞ്ഞാൽ മണ്ഡനവും ഖണ്ഡനവും ഒരു നിരൂപകൻെറ ധർമ്മമാണ്. അതുവേണ്ടവിധം ഉപയോഗിക്കേണ്ടത് നിരൂപകൻെറ ഉത്തരവാദിത്വവും.

നിസ്വാർത്ഥതയോടും, അർപ്പണബോധത്തോടും, നിസ്തുല സേവനം അനുഷ്ഠിക്കാമെങ്കിൽ അമേരിക്കൻ മലയാള സാഹിത്യവും അവഗണിക്കപ്പെടില്ല; ആദരിക്കപ്പെടുന്ന ശുഭമുഹൂർത്തവും സമായാതമാവും. ഇടറരുത് നമ്മുടെ കാലടികൾ; തളരരുത് നമ്മുടെ പരിശ്രമങ്ങൾ; ഉപേക്ഷിക്കരുത് നമ്മുടെ യത്നയജ്ഞങ്ങൾ; ക്ഷയിക്കരുത് നമ്മുടെ വീര്യം. നമുക്കും വിജയസമായം സുനിശ്ചിതമെന്നു ഈ ലേഖകനു ദ്രുഢവിശ്വാസമുണ്ടു.

****************************************